ഇതിനാൽ പ്രഖ്യാപിക്കുകയാണ്. സഹകരിക്കാവുന്നവർക്കെല്ലാം സഹകരിക്കാം. ഞങ്ങൾ സ്വാഗതം ചെയ്യുന്നതാണ്. ഏതായാലും ഞങ്ങളുടെ ഇനിഷ്യേറ്റീവ് അവിടെ ഉണ്ടാകും. അതെല്ലാം നിങ്ങൾക്ക് ഈ നിയമം പാസ്സാക്കാൻ കണിശമായും പ്രോൽസാഹജനകമായിരിക്കും എന്ന് ഞങ്ങൾ കരുതുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല.

III ശ്രദ്ധക്ഷണിക്കൽ

(1) സർവ്വശിക്ഷാ അഭിയാൻ പദ്ധതി

10 A.M.] ശ്രീ. വി. കെ. ചന്ദ്രൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ വളരെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നം സഭയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ പരിശ്രമിക്കുന്നത്. അടിസ്ഥാന വിദ്യാഭ്യാസം പൊതുജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി കേരളത്തിൽ എസ്.എസ്.എ. പദ്ധതി നടപ്പിലാക്കിവരുന്നത്. 2001 മുതൽ 2010 വരെ ആകുമ്പോഴേക്കും ആറു വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഗുണമേൻമയുള്ള എലിമെന്ററി വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2002-2003 സാമ്പത്തികവർഷത്തിൽ 1924.34 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തി. ഇതിൽ 84,72,76,000 രൂപ കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ചു. പക്ഷേ ഈ തുക ചെലവഴിക്കാതെ നഷ്ടപ്പെട്ടു എന്നാണ് മലയാള മനോരമ ഉൾപ്പെടെയുള്ള പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. അനന്ത സാദ്ധ്യതകളുള്ള ഈ പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചയും, പിടിപ്പുകേടും, സർക്കാരിന്റെ അനാസ്ഥയുംമൂലമാണ് ഈ ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്നത്. മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശവും പ്രീ-പ്രോജക്ട് നിർമ്മിക്കാനുള്ള ഫണ്ടും 2001-ൽ നൽകി. 2001-ൽ തന്നെ പ്രോജക്ട് ആരംഭിക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നത്. 2000 ഡിസംബർ മാസത്തിൽ ഈ നിർദ്ദേശം നൽകി. 2001-ൽ തെരഞ്ഞെടുപ്പു വന്നപ്പോൾ അന്ന് കാര്യമായി ഒന്നുംതന്നെ നമ്മുടെ സംസ്ഥാനത്ത് നടന്നില്ല. ഇതിനാവശ്യമായ ഫണ്ട് അന്ന് ഡി.പി.ഇ.പി. യുടെ മുഖ്യചുമതല വഹിച്ചിരുന്ന പെഡസ്കാണ് ഏറ്റെടുത്തത്. പക്ഷെ പെഡസ്ക് ഏറ്റെടുത്തു എങ്കിലും പ്രോജക്ട് തയ്യാറാക്കിയില്ല, ഈ ഫണ്ടും ചെലവഴിച്ചില്ല. പ്രോജക്ട് നൽകിയില്ലെങ്കിൽ കേരളം ഈ പദ്ധതിയിൽ നിന്നു ഒഴിവാകുന്ന ഒരവസ്ഥ വന്നു. അങ്ങനെ പ്രോജക്ട് ഉണ്ടാക്കാൻ ഒരുങ്ങി, വിദഗ്ദ്ധരെ ആരെയും വിളിച്ചുചേർത്തില്ല, അതിനെ സംബന്ധിച്ച് യാതൊരു വിശദീകരണവും നടന്നില്ല. വളരെ ഗൗരവമായ ഒരു വിഷയമാണ്, മന്ത്രി വളരെ ശ്രദ്ധചെലുത്തേണ്ടതാണ്. കേരളത്തിൽ ഈ പദ്ധതി അനാസ്ഥയിലേക്ക് നീങ്ങാൻ പോകുകയാണ്. ആറു ജില്ലകളിൽ ഡി.പി.ഇ.പി. യുടെ ഭാഗമായി നടത്തിയ വിദഗ്ദ്ധ പഠനറിപ്പോർട്ടുകളുണ്ട്. ചില ഏജൻസികളെയും തന്നിഷ്ടക്കാരെയും നിയമിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ നടത്തി. ഡി.പി.ഇ.പി. ജില്ലയായ മലപ്പുറത്ത് വ്യക്തമായ സർവ്വേ റിപ്പോർട്ടുണ്ട്. മലപ്പുറത്ത് വ്യക്തമായ റിപ്പോർട്ടുണ്ടായിട്ടും സർവ്വേ നടത്തണ്ട എന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടും മന്ത്രിയുടെ ജില്ലയായ മലപ്പുറത്ത് സർവ്വേ നടത്തി. കോടിക്കണക്കിന് രൂപയാണ് ആ സർവ്വേ നടത്തുന്നതിന് വേണ്ടി ഉപയോഗിച്ചത്. ജില്ലകളിലുള്ള വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടുകളുടെയോ വിദഗ്ദ്ധ റിപ്പോർട്ടുകളുടെയോ നിർദ്ദേശങ്ങൾ മാനിക്കാതെ വീടുകളിൽ ഇരുന്ന് സ്കൂളുകൾ കയറി, വീടുകൾ കയറി എന്നുപറഞ്ഞ് രേഖയുണ്ടാക്കി, ഈ രേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. എസ്.എസ്.എ. അപ്രൂവൽ കമ്മിറ്റി ഇത് തള്ളാൻ കാരണം ഇതിൽ പറയുന്ന ചില നിർദ്ദേശങ്ങളാണ്. ഈ സർവ്വേയിൽ പറയുന്നത് ചില ജില്ലകളിലെ കുട്ടികൾ മഹാഭൂരിപക്ഷവും വികലാംഗരാണ്. അതിനുകാരണം വികലാംഗനായ ഒരു കുട്ടിക്ക് 1500 രൂപ സഹായം കൊടുക്കുന്നുണ്ട്. 1500 രൂപ കിട്ടുന്നതിനുവേണ്ടി കുട്ടികളുടെ കയ്യും, കാലും, ചെവിയും, കണ്ണും, കാതും വെട്ടിയ നാണംകെട്ട ഒരു നടപടിയാണിത്. അങ്ങനെ ഒരു നിലപാടാണ് 1500 രൂപയ്ക്കുവേണ്ടി സർവ്വേ നടത്തിയ ആളുകൾ ഉണ്ടാക്കിയത്. ഇതിന്റെ ഭാഗമായി ഈ റിപ്പോർട്ട് തള്ളുകയുണ്ടായി. വിദ്യാഭ്യാസ പുരോഗതിക്ക് ചേരാത്ത ഒരു നിലപാടാണിത്. പൊതുവെ എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെടുന്ന ആൺകുട്ടികൾക്ക് ഉൾപ്പെടെ പാഠപുസ്തകം സൗജന്യമായി വിതരണം ചെയ്യുക, ഡി.ആർ.ഡി. കെട്ടിടനിർമ്മാണം, ടീച്ചർ ഗ്രാന്റ്, സ്കൂൾ ഗ്രാന്റ് എന്നിങ്ങനെ പട്ടികയുണ്ടാക്കി കോടിക്കണക്കിന് ഉറുപ്പിക തിരിമറി നടത്താനുള്ള സംവിധാനമായാണ് ഇതിനെ ഒരുക്കിയത്. കേരളത്തിലെ എസ്.എസ്.എ. ഒന്നു മുതൽ ഏഴാം ക്ലാസ്സ് വരെയാണ്. അതായത് ആറു വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്കാണ് ഈ പദ്ധതി. ഇപ്പോൾ കേരളത്തിൽ എട്ടാം ക്ലാസ്സും കൂടി ഉൾപ്പെടുത്തി. ഈ ഗവൺമെന്റ് വന്നപ്പോൾ എട്ടാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ മാറ്റി. മുൻ ഗവൺമെന്റ് എട്ടാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് സ്കൂളുകളിൽ എത്തിച്ചിരുന്നു. ഈ ഗവൺമെന്റ് ഡി.പി.ഇ.പി. പാഠ്യപദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങളൊന്നും ഉപയോഗിക്കണ്ട എന്ന് തീരുമാനിച്ചു. അതിന്റെ ഭാഗമായി അച്ചടിച്ച് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ മാറ്റിവച്ചിട്ട് കോടിക്കണക്കിന് രൂപ ചെലവഴിച്ച് എട്ടാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ പുതിയതായി അച്ചടിച്ചു. അപ്പോഴാണ് ധനകാര്യ വകുപ്പ് ഉടക്കിയത് ഒരിക്കൽ പാഠപുസ്തകം അച്ചടിക്കാൻ പണം കൊടുത്തു ഇനിയും പണം കൊടുക്കാൻ പറ്റില്ല എന്ന്. അന്നത്തെ ഡി.പി.ഐ. മി. ജോയ് ഒരു പുതിയ വിദ്യ കണ്ടെത്തി. എസ്.എസ്. എ.-യിൽ പണം ഉണ്ട്, ആ പണം ഉപയോഗിച്ച് എട്ടാം ക്ലാസ്സിലെ പുസ്തകങ്ങൾ അച്ചടിക്കാം എന്ന്. അങ്ങനെ ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഉണ്ടാകാത്ത രൂപത്തിൽ കേരളത്തിൽ എട്ടാം ക്ലാസ്സ് കൂടി ഈ പദ്ധതിയുടെ കീഴിൽ വന്നു. ഇപ്പോൾ അധ്യാപക നിയമനത്തിലാണ് പ്രശ്നം വന്നിരിക്കുന്നത്. ഇത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലല്ല വരുന്നത്. അതുകൊണ്ട് ഇത് വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള കുറ്റകരമായ അനാസ്ഥ തിരുത്തി വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രൂപത്തിൽ അദ്ധ്യാപക പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

346/13

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. കെ. ചന്ദ്രൻ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഡി.പി.ഇ.പി. അവസാനിച്ചതിനുശേഷം കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതിയെന്നുള്ള നിലയ്ക്ക് എസ്.എസ്.എ. പദ്ധതി ഇവിടെ നടപ്പിലാക്കുകയാണ്. ഡി.പി.ഇ.പി. നടപ്പിലാക്കിയ ആറ് ജില്ലകളിലും ഡി.പി.ഇ.പി. ഇല്ലാത്ത എട്ട് ജില്ലകളിലുമടക്കം 14 ജില്ലകളിലും നടപ്പിലാക്കുകയാണ്. കഴിഞ്ഞ കൊല്ലം കിട്ടിയ ഫണ്ടിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞു, 2001-2002-ൽ സെൻട്രൽ ഷെയർ 2008. 48 ലക്ഷം രൂപയും സ്റ്റേറ്റ് ഷെയർ 312.78 ലക്ഷയും രൂപയുമാണ് കിട്ടിയത്. 2002-2003-ൽ സെൻട്രൽ ഫണ്ട് 2250.78 രൂപയും സ്റ്റേറ്റ് ഷെയർ 750 ലക്ഷം രൂപയും കിട്ടി. അതായത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സെൻട്രൽ ഷെയർ 4259.26 ലക്ഷം രൂപയും, സ്റ്റേറ്റ് ഷെയർ 1062.77 ലക്ഷം രൂപയുമാണ് കിട്ടിയത്. . ടോട്ടൽ 5322.03 ലക്ഷം കിട്ടി. ഇതുവരെ ചെലവാക്കിയത് 3589,26 ലക്ഷം രൂപ, ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്. 2002-2003 അദ്ധ്യയന വർഷം ഡി.പി.ഇ.പി.യുടെ അവസാന വർഷം ആയിരുന്നിട്ടും എസ്.എസ്.എ. സംസ്ഥാനത്ത് നടപ്പിലാക്കാൻ പാകത്തിൽ പത്തു വർഷത്തേയ്ക്കുള്ള ഒരു പ്രോസ്പെക്ടീവ് പ്ലാൻ രൂപപ്പെടുത്തുകയും ഡി.ഡി. എ. യും ഡയറ്റിനേയും സംയുക്തമായി പദ്ധതി നടത്തിപ്പിനുള്ള ചുമതല ഏൽപ്പിക്കുകയും ചെയ്തു. അതുപോലെ ഡി.പി.ഇ.പി. ജില്ലകൾ ഡി.ഡി.എ.-യും ഡി.പി.ഇ.പി., ഡയറ്റ് പ്രിൻസിപ്പൽ എന്നിവരും അടങ്ങുന്ന ഫ്ളോർ കമ്മിറ്റി രൂപീകരിച്ച് ഡി.ഡി.എ.യുടെ ചുമതലയിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 2003-2004 വർഷങ്ങളിൽ മുൻകൂട്ടി തയ്യാറാക്കിയ വാർഷിക പദ്ധതിയുടെ അടിസ്ഥാനത്തിൽ എസ്.എസ്.എ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം പൂർത്തിയായി വരുന്നതേയുള്ളൂ. 2003-2004 വർഷം മുഴുവൻ കുട്ടികളുടെയും സ്കൂൾ പ്രവേശനം പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടുകൂടി എസ്.എസ്.എ. തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ചിരിക്കുകയാണ്. ആകെ 4259.26 ലക്ഷം രൂപ കേന്ദ്രത്തിൽ നിന്ന് ലഭിച്ചു. അതിൽ ഞാൻ നേരത്തെ സൂചിപ്പിച്ചു, 3559.26 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തു. ആറ് ഡി.പി.ഇ.പി. ജില്ലകളിലും ജില്ലാ പ്രോജക്ട് ഓഫീസർമാരുടെ നിയമനം പൂർത്തിയാക്കിയെങ്കിലും പദ്ധതിയുടെ നടത്തിപ്പിന് തടസ്സം വരാതിരിക്കാൻ അതാതു ജില്ലകളിലെ പ്രവർത്തനങ്ങൾ ബ്ലോക്ക് പ്രോജക്ട് ഓഫീസർമാരുടെ സഹായത്താൽ നടപ്പിലാക്കുന്നതിന് ഇപ്പോഴുള്ള പ്രോജക്ട് ഓഫീസർമാർക്ക് വീണ്ടും ഒരു മാസം കൂടി കാലാവധി നീട്ടിക്കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി അദ്ദേഹം ഉന്നയിച്ച ആക്ഷേപം നേരത്തേയുണ്ടായിരുന്ന 8-ാം ക്ളാസിലെ പാഠപുസ്തകം മാറ്റിയതാണ്. മാറ്റേണ്ടിവന്നതുകൊണ്ട് മാറ്റിയതാണ്. പ്രത്യേകമായ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞ പരാമർശങ്ങൾ എല്ലാം ഇല്ലാത്ത കാര്യങ്ങളാണ്. 14017 സ്കൂളുകൾക്ക് രണ്ടായിരം രൂപ വച്ച് കഴിഞ്ഞകൊല്ലം ഗ്രാന്റ് നൽകിയിട്ടുണ്ട്. അതുപോലെ പഠനോപകരണങ്ങൾ നിർമ്മിക്കാൻവേണ്ടി 83603 അദ്ധ്യാപകർക്ക് 500 രൂപ വച്ച് ഗ്രാന്റ് നൽകി. 10,042 അദ്ധ്യാപകർക്ക് പരിശീലനം നൽകി. അതുപോലെ 86,577 കുട്ടികൾക്ക് പെൺകുട്ടികൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യ നിരക്കിൽ പുസ്തകം ലഭ്യമാക്കി. 3300 സ്കൂളുകൾക്ക് 5000 രൂപ നിരക്കിൽ മെയിന്റനൻസ് ഗ്രാന്റ് നൽകി. 542 സ്കൂളുകൾക്ക് ടോയ്ലറ്റ് സൗകര്യം ഉണ്ടാക്കിക്കൊടുത്തു. ബഹുമാനപ്പെട്ട ചന്ദ്രൻ കേൾക്കണം. 216 സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിച്ചു. 244 സ്കൂളുകൾക്ക് കുടിവെള്ള സൗകര്യം നൽകി. 442 സ്കൂളുകൾ വൈദ്യുതീകരിച്ചു. 442 സ്കൂളുകൾക്ക് ഇടഭിത്തി നിർമ്മിച്ചു. 235 സ്കൂളുകൾക്ക് പുതിയ ക്ലാസ് മുറികൾ നിർമ്മിച്ചു. ഇതിന്റെ ഭാഗമായിട്ടാണ് 200 പി.ആർ.സി.-കൾക്കും 19 സി.ആർ.സി.-കൾക്കും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഡയറ്റുകളെ കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുകയും ഒരു ജില്ലയിലെ പത്തു സ്കൂളുകളെ കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങളാക്കാൻ സഹായം നൽകുകയും ചെയ്തു. അടുത്തകൊല്ലം നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ വിശദീകരിക്കുന്നില്ല. ഇതിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ ജില്ലാ പഞ്ചായത്തുകളുടെ യോഗം വിളിച്ചുകൂട്ടി. അതുപോലെ കഴിഞ്ഞയാഴ്ച ചെയ്തതാണ് നമ്മുടെ സംസ്ഥാനത്തെ എല്ലാ ജില്ലാകളക്ടർമാരുടേയും ഡി.ഡി.-മാരുടേയും യോഗം വിളിച്ചുകൂട്ടി ഒരു അവലോകനം നടത്തി, ഇത് സ്റ്റേറ്റ് തലത്തിൽ മോണിട്ടറിംഗ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ കളക്ടർമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തു. ഐ. ഇ. ഡി. സി. പാർട്ട് വൺ ഓഫ് എസ്. എസ്. എ., പ്രോഗ്രാം.....

മി.സ്പീക്കർ : ചുരുക്കിപ്പറയണം.

ശ്രീ. നാലകത്ത് സൂപ്പി : സ്റ്റുഡൻസിന് നാഷണൽ ലെവൽ പ്രോഗ്രാമെന്നുള്ള നിലയ്ക്ക് കൊടുത്തിട്ടുണ്ട്. ആൾ ഇൻഡ്യാ പ്രോഗ്രാമാണ്, കരിക്കുലം 1,2,3, റിവേഴ്സ് ചെയ്താണ് പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മി.സ്പീക്കർ : എഴുതിത്തരുന്നത് മുഴുവൻ പറയരുത്.

ശ്രീ. നാലകത്ത് സൂപ്പി : ഈ കാര്യങ്ങളൊക്കെ എസ്.എസ്.എ.യുടെ ഭാഗമായിട്ട് ചെയ്തതാണ്. അദ്ദേഹം ഏതോ അർത്ഥത്തിൽ ഒരു വികലാംഗ കുട്ടിയുടെ കാര്യമാണ് പറഞ്ഞത്. അത് മലപ്പുറം ജില്ലയിൽ ഉണ്ടായ കാര്യമാണ്. മറ്റ് കാര്യങ്ങൾ അവിടെ ടീച്ചേഴ്സ് കണക്കെടുപ്പ് നടത്തിയ കാര്യവും ടീച്ചേഴ്സിന് ട്രെയിനിംഗ് കൊടുക്കുന്ന കാര്യങ്ങളും എല്ലാ ജില്ലകളും ഉൾപ്പെടുത്തിക്കൊണ്ട് ഉദ്യോഗസ്ഥരെ നിയമിച്ചു. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.ഇ.പി. പോലെയല്ല, വളരെ വ്യവസ്ഥാപിതമായി എസ്.എസ്. എ.യുടെ പദ്ധതികൾ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : എസ്.എസ്.എ. നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിൽ എട്ടു ജില്ലകളിൽ 106 ഡി.പി.ഒ. മാരെ നിയമിച്ചു, അതിൽ 53 പേർ എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർമാരായിരുന്നു. 53 എൽ.പി. സ്കൂൾ ഹെഡ് മാസ്റ്റർമാരെ നിയമിച്ചപ്പോൾ, അവർ ജോലി ചെയ്തിരുന്ന സ്കൂളുകളിൽ ഇപ്പോൾ പ്രധാന അദ്ധ്യാപകരില്ല. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഇവരെ ഡി.പി.ഒ.മാരായി നിയമിച്ചത്. ഇവരെ ഡി.പി.ഒ. മാരായി നിയമിച്ചപ്പോൾ നമ്മുടെ പ്രാദേശിക എൽ.പി. സ്കൂളുകളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്.

മി. സ്പീക്കർ : No .....No ..... I don't permit you.....Put the question. Why do you make such unnecessary comments.

ശ്രീ. വി. കെ. ചന്ദ്രൻ : അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : മിടുക്കൻമാർ ആകുന്നത് വളരെ മോശമാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : അതേരൂപത്തിൽ മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഇത് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്തു സൂപ്പി : ഡി.പി.സി.മാരായിട്ടും അതുപോലെ ബി.ആർ.സി. മാരായിട്ടും അദ്ധ്യാപകരുടെ കുറവുണ്ട്. അതുകൊണ്ട് ഞങ്ങൾ ആലോചിച്ചതിനുശേഷം പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ നിയമിക്കാൻ തീരുമാനിച്ചു. ഒരുപരിധിവരെ പ്രൊട്ടക്ടഡ് ടീച്ചേഴ്സ് രംഗത്ത് വന്നു, പിന്നീട് അവർ മാതൃകാ വിദ്യാലയത്തിൽ വേക്കൻസി ടൈമിൽ തിരിച്ചുപോകുകയാണ്. ഇത് പത്തുകൊല്ലത്തെ സ്കീമാണ്. അതിൽ ഇടയ്ക്കിടെ പോകുന്ന അദ്ധ്യാപകരെ നിശ്ചയിക്കാൻ പാടില്ല. അതുകൊണ്ടാണ് സർവീസുള്ള, ഈ രംഗത്ത് പരിചയമുള്ള അദ്ധ്യാപകരെ എടുക്കേണ്ടി വന്നത്. പ്രധാന അദ്ധ്യാപകരില്ലാത്ത പ്രയാസം ബന്ധപ്പെട്ട സ്കൂളുകളിൽ ഉണ്ടെങ്കിൽ അക്കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

(2) തീരദേശ അതോറിറ്റി രൂപീകരണം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, പല തവണ ഈ സഭയിൽ ശ്രദ്ധക്ഷണിച്ച വിഷയമാണ്. തീരദേശ വികസന അതോറിറ്റിയെക്കുറിച്ചുള്ള പ്രശ്നം. 1995-ൽ ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തീരുമാനമെടുത്തതാണ്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള ജനങ്ങളുടെ ജീവിതരീതിയും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് അവരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി അതോറിറ്റി രൂപീകരിക്കാനുള്ള ആവശ്യം അന്ന്

LIBRARY ARCHIVES Kerala Legislative Assembly